# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2503** **13.02.2013- ൽ മറുപടിക്ക്**

## കോമളപുരം സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.എ മാധവൻ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആലപ്പുഴയിലെ കോമളപുരം സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിന് എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആലപ്പുഴ ജില്ലയിലെ കോമളപുരം സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിന് 4197.58 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | നവീകരിച്ച മിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; | (ബി) | ഇല്ല. |
| (സി) | മിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ ഇതു മൂലം ഉണ്ടാകുന്ന ബാധ്യതകൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (സി) | മില്ലിന് വേണ്ടി പ്രവർത്തിക്കുന്ന ആഫീസ് ചെലവുകൾ, ജീവനക്കാരുടെ ശമ്പളം, സ്വരൂപിച്ച വായ്പകളുടെ പലിശ എന്നിവയാണ് പ്രധാന ബാധ്യതകൾ |
| (ഡി) | കോമളപുരം മിൽ പ്രവർത്തിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | | മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വൈദ്യുതി കണക്ഷൻ ഇതു വരെ ലഭിച്ചിട്ടില്ല. കൂടാതെ തൊഴിലാളികളെയും ജീവനക്കാരെയും നിയമിച്ചിട്ടില്ല. തൊഴിലാളികളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകളുടെ വിധിയുടെ അടിസ്ഥാനത്തിലാണ് നിയമന നടപടികൾ പൂർത്തിയാക്കുക. |

| | | | |
|---|---|---|---|
| (ഇ) | ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ; സർക്കാറിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കിയവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ? | | ഉണ്ട്.<br>കോമളപുരം സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രക്രിയയുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**